പ്രൈവറ്റ് ബോട്ട് ലൈസൻസുകൾ.

* 289 [57] ശ്രീ. എം. പി. മേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവറ്റ് ബോട്ട് ലൈസൻസുകൾ എടുത്തു നടത്തുവാൻ ഗവണ്മെന്റിന് എന്തെങ്കിലും സ്കീം ഉണ്ടോ;

(ബി) ഇന്നുള്ള ലൈസൻസുകൾ ലാഭത്തിലോ നഷ്ടത്തിലോ നടക്കുന്നതെന്ന അന്വേഷിച്ചിട്ടുണ്ടോ;

(സി) ഗവണ്മെന്റ് എടുക്കുകയാണെങ്കിൽ ഇന്ന് ഓടിക്കൊണ്ടിരിക്കുന്ന വാഹനങ്ങൾ വില്ക്കുവാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ?

മരാമത്തു വകുപ്പു മന്ത്രി (ശ്രീ. കെ. എ. വേലായുധൻ):

(എ) ഇല്ല.
(ബി) ഇല്ല.
(സി) ചോദ്യം ഉദിക്കുന്നില്ല.

പട്ടികജാതിക്കാർക്കു കോളേജുകളിലുള്ള സീറ്റ് സംവരണം.

* 290. [58] ശ്രീ. തലേക്കര കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഞ്ചിനീയറിംഗ്, മെഡിക്കൽ എന്നീ കോളേജുകളിൽ ഈഴവർ, പട്ടികജാതിക്കാർ, മറ്റു പിന്നാക്കസമുദായക്കാർ എന്നിവിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കു എത്ര ശതമാനം സീറ്റുകൾ റിസർവ് ചെയ്തിട്ടുണ്ട് ;

(ബി) കോളേജുകളിലെ ഇൻറർമീഡിയറ്റ് ക്ലാസുകളിലും ടി ശതമാനം റിസർവ് ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെഡിക്കൽ, എഞ്ചിനീയറിംഗ് എന്നീ കോളേജുകളിൽ സീറ്റ് റിസർവു ചെയ്യുകൊണ്ട് പ്രയോജനമെന്തു ;

(ഡി) ഇൻറർമീഡിയറ്റ് ക്ലാസുകളിൽ ടി ശതമാനം സീറ്റുകൾ റിസർവു ചെയ്യുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ;

(ഇ) ഇതു കാര്യത്തെ സംബന്ധിച്ച് 1955 ജൂൺ ആദ്യത്തെ ആഴ്ചയിൽ സഹോദരൻ, മുളകൊമ്പടി എന്നീപത്രികകളിൽ എഴുതിയിരുന്ന കുറിപ്പുകൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) എഞ്ചിനീയറിംഗ് കോളേജിൽ 20 ശതമാനം സീറ്റുകൾ പിന്നാക്കസമുദായക്കാർക്കു സംവരണം ചെയ്തിട്ടുണ്ട്. ഇതിൽ 5 ശതമാനം പട്ടികജാതിക്കാർക്കുള്ളതാണ്. മെഡിക്കൽ കോളേജിൽ 5 സീറ്റുകൾ പട്ടികജാതിക്കാർക്കും 21 സീറ്റുകൾ മറ്റു പിന്നാക്കസമുദായക്കാർക്കും സംവരണം ചെയ്തിട്ടുണ്ട്.

(ബി) കൊച്ചിയിലുള്ള ഗവണ്മെന്റ് കോളേജുകളിൽ കുറെ സീറ്റുകൾ പട്ടികജാതിക്കാർക്കും മറ്റു പിന്നാക്കസമുദായക്കാർക്കും റിസർവ് ചെയ്തിട്ടുണ്ട്. യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകളിലും പ്രൈവറ്റ് കോളേജുകളിലും സീറ്റുകൾ റിസർവ്വ് ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly